FEB 10 1928
1618
TO THE COCHIN LEGISLATIVE COUNCIL

COCHIN LEGISLATIVE COUNCIL PROCEEDINGS.

(OFFICIAL REPORT.)

Legislative Session of Vrischigam 1103 M. E.

Monday, *the* *13th of Vrischigam 1103.*
28th of November 1927.

The Legislative Council assembled for the legislative session of 1103 in the Town Hall, Ernakulam, at 11-30 a. m. on Monday, the 13th of Vrischigam 1103, corresponding to the 28th of November 1927. M. R. Ry. Rao Bahadur T. S. Nārayana Ayyar Avl., M. A., B. L., the Diwan of Cochin and *ex-officio* President of the Council, presided. Mr. P. Damodara Menon, B. A., having resigned his place in the Council, it was taken by the permanent Diwan Peishkar, Rao Sahib Mr. T. V. Kasturi Ranga Ayyar, B. A.; H. J. Walmsely Esq., the Member for Planters, who had resigned, was succeeded by C. Barton Wright Esq.; Mr. K. Krishna Menon, B. A., B. L., the Member for Palayannur, having resigned, he was succeeded by Mr. K. Raman Menon, B. A., B. L., the Member duly elected in his place. The new Members took and subscribed the oath of allegiance. All the Members, except Messrs. Lonappan Chakkola, A. Eachara Menon, P. Kunhu Muhammad Haji, Poulo Mampilli, P. Munda Vaidyan, S. F. Nunez and A.K. Thoma were present.

Opening speech by the President.

President.—Hon'ble Members, in opening the present session of the Council, I wish to accord to you, customary the heartfelt welcome, and invite your cordial and hearty co-operation in the conduct of the proceedings of the Council in as satisfactory a manner as possible. I will now take up the consideration of the items of business arranged for the day, and the first in order comes 'Questions and Answers.'

QUESTIONS AND ANSWERS.

The Chelakkara Registry Office.

1. മിസ്റ്റർ കെ. ശങ്കരൻനമ്പൂതിരി.—(a) പഴയന്നൂർ രജി സ്ട്രാഫീസ് തുറക്കുന്നതിനു് അടുത്ത മുമ്പായി, ചേലക്കര രജിസ്ട്രാഫീസ് സ്ഥലംമാറ്റം ചെയ്യുന്നതിനെപ്പറ്റിയും, ചേലക്കര രജിസ്ട്രാഫീസിന്റെ അധികാരാതിർത്തി ചുരുക്കി ഒന്നോ രണ്ടോ പുതിയ രജിസ്ട്രാഫീസുകൾ തുറക്കുന്നതിനെപ്പറ്റിയും വല്ല അഭിപ്രായങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(b) ഉവ്വെങ്കിൽ അതിനെപ്പറ്റി ആരോടെല്ലാം സർക്കാരിന്റെ അഭിപ്രായം ചോദിച്ചിട്ടുണ്ടെന്നും പറയുവാനും സർക്കാരിന്റെ കിട്ടിയേടത്തോളം അഭിപ്രായങ്ങൾ അച്ചടിച്ചു സഭാമ്പാകെ വെയ്ക്കുവാനും ദയവുണ്ടാകുമോ?

മിസ്റ്റർ എ. കെ. വെങ്കുഅയ്യർ.—(a) ചേലക്കര രജിസ്ട്രാഫീസിന്റെ അധികാരാതിർത്തി മുക്കാ വേറെ ഒരു ആഫീസ തുറക്കുന്നതിനെപ്പറ്റി ആലോചന ചെയ്തിട്ടുണ്ടായിരുന്നു.

(b) രജിസ്ട്രേഷൻ സൂപ്രണ്ടെന്റിന്റെയും, ദിവാൻപേഷ്കാരുടേയും അഭിപ്രായങ്ങൾ ചോദിച്ചിട്ടുണ്ടായിരുന്നു. അവരുടെ അഭിപ്രായങ്ങൾ അടങ്ങിയ റിപ്പോർട്ട കൌൺസിൽ സെക്രട്ടറിയുടെ മേശപ്പുറത്തു വെച്ചിരിക്കുന്നു.

2. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—ചേലക്കര രജിസ്ട്രാഫീസിന്റെ അധികാരാതിർത്തിയിൽപെട്ട ഓരോ വില്ലേജുകളും ഫ ഫ ഠ-ൽ രജിസ്ട്രാക്കിയ രേഖകളുടെ വിവരം തരംതിരിച്ചറിയത്തക്കവിധം ഒരു പട്ടിക ദയവുചെയ്ത് മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ എ. കെ. വെങ്കുഅയ്യർ.—ഒന്നാം അനുബന്ധം നോക്കുക.

3. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—(a) ചേലക്കര രജിസ്ട്രാഫീസിന്റെ സ്ഥലമാറ്റത്തെപ്പറ്റി ഫ ൻ/ഠ ഫെബ്രുവരി വ്യാഴം- സ. ഫ ഫ ൪൪ /ഫ ഫ ഠ-ാം നമ്പരായി രജിസ്ട്രേഷൻ സൂപ്രണ്ടെന്റ് സർക്കാരിലേക്കയച്ച എഴുത്തിലെ സാരാംശത്തോട് സർക്കാരിന്റെ യോജിച്ച വല്ല തീർപ്പുകളും ചെയ്തിട്ടുണ്ടോ?

(b) ഉണ്ടെങ്കിൽ എന്താണെന്നു പറയുവാൻ സർക്കാരിനു ദയവുണ്ടാകുമോ?

മിസ്റ്റർ എ. കെ. വെങ്കുഅയ്യർ.—(a) ഉണ്ട്.

(b) ചേലക്കര രജിസ്ട്രാഫീസ് സ്ഥലമാറ്റം ചെയ്യേണ്ട ആവശ്യമില്ലെന്നാണ് തീർപ്പ്.

4. മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി. (a) ചേലക്കര രജിസ്ട്രാഫീസ് ചെറുതുരുത്തിക്കു മാറുകയൊ ചെറുതുരുത്തിയിൽ ഒരു പുതിയ രജിസ്ട്രാഫീസ് തുറക്കുകയൊ ചേലക്കര രജിസ്ട്രാപ്പീസ്സിന്റെ അധികാരാതിർത്തിയിൽപെട്ടവരിലെ വില്ലേജുകളെ വടക്കാഞ്ചേരി രജിസ്ട്രാഫീസിന്റെ അധികാരാതിർത്തിയിൽപെടുത്തുകയൊ ചെയ്യുവാനും മാറ്റം അപേക്ഷിച്ചുകൊണ്ട് വല്ല ഹർജികളും സർക്കാരിനു കിട്ടീട്ടുണ്ടൊ?

(b) ഉണ്ടെങ്കിൽ ഈ ഹർജിയിലെ അപേക്ഷകളിൽ അനുവദിച്ചതു എന്താണെന്നുപറയുവാൻ സർക്കാരിനു ദയവുണ്ടാകുമോ?

മിസ്റ്റർ എ. കെ വെങ്കുഅയ്യർ. (a) ഉണ്ട്.

(b) ഹരജിയിൽ പറഞ്ഞിരിക്കുന്ന സംഗതികൾ സർക്കാരിന്റെ ആലോചനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

(Vide answer to Question No. 2.)

നമ്പർ	വില്ലേജുകളുടെ പേരു്	ഹജരായ രജിസ്ട്രാക്കായ ആധാരങ്ങളുടെ നമ്പർ ബുക്കു് I	II	III	ആകെ നമ്പർ	റിമാർക്സ്
൧	ആറന്മുർ	൩൬	൩൯	൧	൪൯	
൨	കിള്ളിമംഗലം	൧൨൮	൧൩൯	൧	൧൪൭	
൩	കുറമല	൪൩	൪	൧	൪൮	
൪	ചേലക്കര	൧൧൭	൬൨	൧	൧൮൮	
൫	ചെറുവിരുത്തി	൧൧൦	൧൩൯	൨	൧൨൮	
൬	തോന്നുക്കര	൨൮	൧൩൯		൧൬൮	
൭	ചേലക്കോട്ടു്	൨൨	൨൯		൩൬	
൮	ദേശമംഗലം	൬൩	൩൯		൨൮	
൯	നെടുമ്പുര	൧൩൩	൧൬	൧	൧൮൧	
൧൦	പങ്ങാരുപ്പിള്ളി	൩൬	൧൧		൪൭	
൧൧	പള്ളർ	൬൩	൩൩		൬൩	
൧൨	പാഞ്ഞാൾ	൪൬	൧൧		൫൭	
൧൩	പയിങ്കുളം	൧൦൨	൨൫	൨	൧൨൯	
൧൪	പുലാക്കോട്ടു്	൩൪	൧൧		൪൫	
൧൫	മുള്ളക്കര	൨൦൯	൧൭		൨൨൬	
൧൬	വെങ്ങാനെല്ലൂർ	൧൦൪	൩൩		൧൩൬	

LIBRARY ARCHIVES Kerala Legislative Assembly